LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രായോഗിക ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്യാവശ്യ ഘട്ടങ്ങളിൽ ഒന്നിൽ കൂടുതൽ രസീത് ബുക്കുകൾ ഉപയോഗിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി ഭൂമി

159(3081) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മുനിസിപ്പാലിറ്റിയുടെ ആവശ്യത്തിനായി വിട്ടുനൽകുന്നതിന് കണ്ടെത്തിയ ഭൂമി റവന്യൂ പുറമ്പോക്കാണെന്ന് വ്യക്തമായ സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇതുസംബന്ധിച്ച് എടുത്ത തീരുമാനം നടപ്പാക്കാനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) 4-9-2011-ലെ മന്ത്രിസഭാ തീരുമാനം അനുസരിച്ച് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കാതിരിക്കാൻ ചില നിക്ഷിപ്ത താല്പര്യക്കാർ ശ്രമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ശക്തമായ നടപടികൾ സ്വീകരിച്ച് തീരുമാനം നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 7-9-2013-ലെ സ.ഉ.(സാധാ)4927/13/റവ നമ്പർ ഉത്തരവ് പ്രകാരം 1.0076 ഹെക്ടർ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പ് 13-1-2014-ൽ ഏറ്റെടുത്തിട്ടുള്ളതായി കോതമംഗലം തഹസീൽദാർ അറിയിച്ചിട്ടുള്ളതും മേൽ സൂചിപ്പിച്ച ഉത്തരവ് പ്രകാരം വനംവകുപ്പിന് ആവശ്യമുള്ള സ്ഥലം എത്രയെന്ന് അറിയിക്കാൻ അവശ്യപ്പെട്ടിട്ടുള്ളതും ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.ബേബി എം.ജി. എന്നയാൾ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ, ചെന്നൈ മുമ്പാകെ 214/14 നമ്പരായി ഫയൽ ചെയ്ത കേസ് നിലവിലുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.